ഐ. സി. ഡി. എസ്. പ്രോജക്ടുകൾ തുടങ്ങാനുള്ള തടസ്സം

179 [2291 ശ്രീ. കെ. കെ. തോമസ്:

,, രാഘവൻ പൊഴക്കടവിൽ :

,, കെ. രാഘവൻ മാസ്റ്റർ :

,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഐ. സി. ഡി. എസ്. പ്രോജക്ടുകൾ തുടങ്ങുവാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവ തുടങ്ങുന്നതിന് തടസ്സം ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985-87 വർഷത്തിൽ 5 പ്രോജക്ടുകൾ കേരളത്തിനായി അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പള്ളം ബ്ലോക്ക്, ഐ. സി. ഡി. എസ്. പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ട ആവശ്യം

180 [230] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളം ബ്ലോക്ക്, ഐ. സി. ഡി. എസ്. പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ട ആവശ്യം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ ബ്ലോക്ക് കൂടി ഈ സ്കീമിൽ ഉൾപ്പെടുത്തൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഐ. സി. ഡി. എസ്. മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സഹകരണ സ്ഥാപനങ്ങൾ

181. [231] ശ്രീ. കെ. മൂസക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സഹകരണ വകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മേഖലയിൽ എത്രവീതം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 815 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഏതെല്ലാം മേഖലയിലെന്ന് താഴെ പറയും പ്രകാരമാണ്:—

1.	പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്ക്	4
2.	ജില്ലാ സഹകരണ ബാങ്ക്	2
3.	പ്രാഥമിക കാർഷിക വികസന ബാങ്ക്	19
4.	ഹരിജൻ സംഘങ്ങൾ	194
5.	ഗിരിജൻ സംഘങ്ങൾ	6
6.	ജീവനക്കാരുടെ സംഘങ്ങൾ	104
7.	വിപണന സംഘങ്ങൾ	14
8.	കോഴി വളർത്തൽ സംഘങ്ങൾ	24
9.	കൂട്ടുകൃഷി സംഘങ്ങൾ	4
10.	കളക്ടീവ് ഫാമിംഗ് സംഘങ്ങൾ	2
11.	സാമൂഹ്യ വികസന സംഘങ്ങൾ	12
12.	ജലസേചന സംഘങ്ങൾ	1
13.	ഉപഭോക്തൃ സംഘങ്ങൾ	74
14.	സ്കൂൾ കോളേജ് സംഘങ്ങൾ	154
15.	ഭവന നിർമ്മാണ സംഘങ്ങൾ	16
16.	ലേബർ കോൺട്രാക്ട് സംഘങ്ങൾ	12
17.	ട്രാൻസ്പോർട്ട് സംഘങ്ങൾ	11
18.	വനിതാ സംഘങ്ങൾ	55
19.	ഓട്ടോറിക്ഷാ സഹകരണ സംഘങ്ങൾ	6
20.	ഹോസ്പിറ്റൽ സൊസൈറ്റികൾ	17
21.	ടാക്സി ഡ്രൈവേഴ്സ് സൊസൈറ്റികൾ	5
22.	അച്ചടി സൊസൈറ്റികൾ	10
23.	കാൻറീൻ സംഘങ്ങൾ	7
24.	വിദ്യാഭ്യാസ സംഘങ്ങൾ	19
25.	ബാറർ ഫാമിംഗ് സൊസൈറ്റികൾ	2
26.	വായ്പേതര സംഘങ്ങൾ	41
	ആകെ	815

സഹകരണനിയമം പരിഷ്ക്കരിക്കാൻ നടപടി

182. [233] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സഹകരണ നിയമം കാലോചിതമായി പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെക്കുറിച്ച് പഠിക്കാൻ സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് കമ്മിഷനെയാണ് നിയോഗിച്ചത് ; അതിന് അനുവദിച്ചുകൊടുത്ത അലവൻസ് എത്ര ?

LIBRARY ARCHIVES Kerala Legislative Assembly